**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1255** — 15.06.2012 ൽ മറുപടിയ്ക്ക്

'പുര' പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പാലോട് രവി<br>,, എ. റ്റി. ജോർജ്<br>,, വർക്കല കഹാർ<br>,, വി.എ. മാധവൻ | | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| എ. | പുര(പ്രൊവിഷൻ ഓഫ് അർബൻ അമനിറ്റീസ് ഇൻ റൂറൽ ഏര്യാസ്) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ ; | എ. | ഗ്രാമപ്രദേശങ്ങളിൽ നഗരപ്രദേശങ്ങളിലെ സൗകര്യമൊരുക്കി ഗ്രാമവും നഗരവും തമ്മിൽ ജീവിതസൗകര്യങ്ങളുടെ കാര്യത്തിലുള്ള അന്തരം കുറയ്ക്കുക എന്നതാണ് 'പുര' പദ്ധതിയുടെ ലക്ഷ്യം. പൊതു സ്വകാര്യ പങ്കാളിത്തത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| ബി. | ഈ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത് ; | ബി. | സംസ്ഥാനത്ത് 2 പദ്ധതികൾക്കാണ് കേന്ദ്ര ഗവൺമെന്റ് അനുമതി നൽകിയിട്ടുള്ളത്. തൃശ്ശൂർ ജില്ലയിൽ തളിക്കുളം ഗ്രാമപഞ്ചായത്തും മലപ്പുറം ജില്ലയിൽ തിരൂരങ്ങാടി ഗ്രാമപഞ്ചായത്തും ഇൻഫ്രാസ്ട്രക്ച്ചേഴ്സ് കേരള ലിമിറ്റഡ് (INKEL) എന്ന പൊതു മേഖലാ സ്ഥാപനമാണ് കേരളത്തിലെ പ്രോജക്ടുകളുടെ പങ്കാളിയായി പ്രവർത്തിക്കുന്നത്. പദ്ധതി നടപ്പിലാക്കുന്നതിനായി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തും ഈ സ്ഥാപനവുമായി കരാറിൽ ഒപ്പു വച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ ഫണ്ട് കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും ഈ സ്ഥാപനത്തിന് ലഭ്യമാക്കുന്നതാണ്. |
| സി. | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് ആരാണ് ; | സി. | പൊതു സ്വകാര്യ പങ്കാളിത്തത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇൻഫ്രാസ്ട്രക്ച്ചേഴ്സ് കേരള ലിമിറ്റഡ് (INKEL) നേതൃത്വം നൽകുന്ന കൺസോർഷ്യം ആണ് പദ്ധതി നടപ്പിലാക്കുന്നത്. |
| ഡി. | ശുദ്ധജലം, ശുചിത്വം സംവിധാനം, പുനരുദ്ധാരണം എന്നിവയ്ക്ക് പ്രസ്തുത പദ്ധതിയിൽ പ്രാധാന്യം നൽകുന്ന കാര്യം പരിഗണിക്കുമോ? | ഡി. | കേന്ദ്ര സർക്കാരിന് സമർപ്പിച്ച വിശദമായ പ്രോജക്ട് റിപ്പോർട്ടിൽ ശുദ്ധജല വിതരണം, ശുചിത്വസംവിധാനം, ഗ്രാമീണറോഡുകൾ, തെരുവുവിളക്കുകൾ, മാനവവികസനം എന്നിവക്ക് പ്രാധാന്യം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ